**ഭരണഭാഷ മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ജഗതി, തിരുവനന്തപുരം-14
**Email Id: dirdhse.dge@kerala.gov.in**
ഫോൺ നമ്പർ : **0471 2580756**

**എച്ച്.എസ്.ഇ/5592 /2025 – എഡി ബി2** **തീയതി :12-05-2026**

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസവകുപ്പ് – ഹയർ സെക്കൻഡറി വിഭാഗം – എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ തസ്തികമാറ്റ ഒഴിവിലേക്കുള്ള എച്ച്.എസ്.ടി, യു.പി.എസ്.ടി/എൽ.പി.എസ്.ടി - തസ്തികമാറ്റ നിയമനം **കെ - ടെറ്റ് യോഗ്യത ഇല്ലാത്തവർ ബോണ്ട്/സമ്മതപത്രം** സമർപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന :
1. **22/09/2025 , 10/09/2025** തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.
2. **01/09/2025** തീയതിയിലെ **Civil Appeal No. 1385/2025** മേലുള്ള ബഹു. സുപ്രീം കോടതി ഉത്തരവ്
3. **15/03/2026** തീയതിയിലെ സ.ഉ (കൈ) **80/2026/GEDN** നമ്പർ സർക്കാർ ഉത്തരവ്
4. **23/04/2026** തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
5. **08/05/2026** തീയതിയിലെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.

പൊതുവിദ്യാഭ്യാസവകുപ്പ്, ഹയർ സെക്കൻഡറി വിഭാഗം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ **29/12/2020** മുതൽ **01/06/2025** വരെയുള്ള തസ്തികമാറ്റ ഒഴിവുകളിലേക്കുള്ള അധ്യാപക നിയമനങ്ങൾക്കായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള യോഗ്യരായ അധ്യാപകരെ/ ജീവനക്കാരെ ഉൾപ്പെടുത്തി **Seniority List** പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപെട്ട അധ്യാപകർ/ജീവനക്കാരുടെ സർട്ടിഫിക്കറ്റ് വേരിഫിക്കേഷൻ സൂചന (1) സർക്കുലർ പ്രകാരം നടത്തിയിരുന്നു. എന്നാൽ

സൂചന (2) ബഹു. സുപ്രീംകോടതി ഉത്തരവ് പ്രകാരം എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി /എൽ.പി.എസ്.റ്റി വിഭാഗത്തിലുള്ളവർക്ക് കെ- ടെറ്റ് യോഗ്യത നിർബന്ധമാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി സർവ്വീസിൽ തുടരുന്നതും 01/09/2025 ന് മുൻപ് പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിന് അർഹതയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക - അനധ്യാപക ജീവനക്കാർക്ക് അവർ അതത് കാറ്റഗറിയിലെ കെ-ടെറ്റ് യോഗ്യത 01/09/2025 മുതൽ 2 വർഷത്തിനകം നേടണമെന്ന നിബന്ധനയിൽ താത്കാലിക പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിശ്ചിതസമയ പരിധിക്കകം കെ-ടെറ്റ് യോഗ്യത നേടിയില്ലെങ്കിൽ ഇവരെ പ്രസ്തുത തസ്തികയിൽ നിന്നും revert ചെയ്യുന്നതും ഇവർ പ്രസ്തുത കാലയളവിൽ വാങ്ങിയ ആനുകൂല്യങ്ങൾ തിരിച്ചടക്കേണ്ടതുമാണെന്നും കൂടാതെ മേൽ പ്രകാരമുള്ള ഒരു നിയമ സാധുതയുള്ള സമ്മതപത്രം /ബോണ്ട് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിനു മുൻപായി അധ്യാപകരിൽ നിന്നും വാങ്ങേണ്ടതും ആയത് അവരുടെ സേവന പുസ്തകത്തിൽ ചേർക്കേണ്ടതുമാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ അതത് കാറ്റഗറിയിൽ കെ-ടെറ്റ് ഉള്ളവർക്ക് സ്ഥിരമായി പ്രൊമോഷൻ നൽകാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (4) പ്രകാരം കെ- ടെറ്റ് യോഗ്യത നേടിയവരുടെ വെരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ **സൂചന (5) അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപെട്ടിട്ടുള്ള നിലവിൽ കെ- ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്ത താഴെ പറയുന്ന എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി /എൽ.പി.എസ്.റ്റി അധ്യാപകർ ചുവടെ കൊടുത്തിരിക്കുന്ന അനുബന്ധം പ്രകാരം 500 രൂപയുടെ ബോണ്ട്/സമ്മതപത്രം 16/05/2026 നുള്ളിൽ നേരിട്ട് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.**

| വിഷയം | ബോണ്ട്/സമ്മതപത്രം സമർപ്പിക്കേണ്ട അധ്യാപകരുടെ വിവരം | |
|---|---|---|
| | എച്ച്.എസ്.റ്റി | യു.പി.എസ്.റ്റി/ എൽ.പി.എസ്.റ്റി |
| ഇക്കണോമിക്സ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 41 വരെയുള്ള | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 12 വരെയുള്ള |

| | | |
|---|---|---|
| | അധ്യാപകർ | അധ്യാപകർ |
| കമ്പ്യൂട്ടർ സയൻസ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 8 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 3വരെയുള്ള അധ്യാപകർ |
| ഗണിതം | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 21 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 6 വരെയുള്ള അധ്യാപകർ |
| സുവോളജി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 21 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 6 വരെയുള്ള അധ്യാപകർ |
| ഹിന്ദി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 28 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 8 വരെയുള്ള അധ്യാപകർ |
| ഹിസ്റ്ററി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 8 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 3 വരെയുള്ള അധ്യാപകർ |
| പൊളിറ്റിക്കൽ സയൻസ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 14 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 3 വരെയുള്ള അധ്യാപകർ |
| ബോട്ടണി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 20 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 6 വരെയുള്ള അധ്യാപകർ |
| സോഷ്യോളജി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 3 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 |
| സൈക്കോളജി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 | -- |

| | | |
|---|---|---|
| സ്റ്റാറ്റിസ്റ്റിക്സ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 | -- |
| സംസ്കൃതം | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 4 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 |
| തമിഴ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 | -- |
| ജോഗ്രഫി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 1 | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 |
| മലയാളം | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 11 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 3 വരെയുള്ള അധ്യാപകർ |
| കൊമേഴ്സ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരും | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 9 വരെയുള്ള അധ്യാപകർ |
| അറബിക് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 10 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 3 വരെയുള്ള അധ്യാപകർ |
| ഫിസിക്സ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 2 വരെയുള്ള അധ്യാപകർ | --- |
| കെമിസ്ട്രി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 29 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 8 വരെയുള്ള അധ്യാപകർ |
| ഇംഗ്ലീഷ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 5 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 |

**മേൽ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിലവിൽ കെ-ടെറ്റ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളവർ ബോണ്ട്/സമ്മതപത്രം സമർപ്പിക്കേണ്ടതില്ല.**

മേൽ ലിസ്റ്റ് പ്രകാരം ബോണ്ട്/സമ്മതപത്രം സമർപ്പിക്കാത്ത അധ്യാപകരെ നിയമന ഉത്തരവിൽ നിന്നും ഒഴിവാക്കുന്നതാണ്. അപ്രകാരം ബോണ്ട്/സമ്മതപത്രം സമർപ്പിക്കാത്ത അധ്യാപകർ ഉണ്ടെങ്കിൽ അവർക്ക് പകരം നിയമനം നൽകുന്നതിനായി താഴെ കൊടുത്തിരിക്കുന്ന സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി അധ്യാപകർ അനുബന്ധം പ്രകാരം ബോണ്ട്/സമ്മതപത്രം സമർപ്പിക്കേണ്ടതാണ് . സപ്ലിമെന്ററി ലിസ്റ്റ് പ്രകാരം ബോണ്ട്/സമ്മതപത്രം സമർപ്പിക്കുന്നവർ ബൈട്രാൻസ്ഫർ നിയമനത്തിനു മെയിൻ ലിസ്റ്റിൽ ഒഴിവ് ഉണ്ടാകുന്ന മുറക്ക് മാത്രമേ അർഹരാവുകയുള്ളൂ.

## <u>സപ്ലിമെന്ററി ലിസ്റ്റ്</u>

| വിഷയം | ബോണ്ട്/സമ്മതപത്രം സമർപ്പിക്കേണ്ട അധ്യാപകരുടെ വിവരം | |
|---|---|---|
| | എച്ച്.എസ്.റ്റി | യു.പി.എസ്.റ്റി/ എൽ.പി.എസ്.റ്റി |
| ഇക്കണോമിക്സ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 42 മുതൽ 60 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 13 മുതൽ 25 വരെയുള്ള അധ്യാപകർ |
| കമ്പ്യൂട്ടർ സയൻസ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 9 മുതൽ 20 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 4 മുതൽ 10 വരെയുള്ള അധ്യാപകർ |
| ഗണിതം | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 22 മുതൽ 35 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 7 മുതൽ 15 വരെയുള്ള അധ്യാപകർ |
| സുവോളജി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 22 മുതൽ 40 വരെയുള്ള | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 7 മുതൽ 20 വരെയുള്ള |

| | | |
|---|---|---|
| | അധ്യാപകർ | അധ്യാപകർ |
| ഹിന്ദി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 29 മുതൽ 45 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 9 മുതൽ 20 വരെയുള്ള അധ്യാപകർ |
| ഹിസ്റ്ററി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 9 മുതൽ 20 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 4 മുതൽ 6 വരെയുള്ള അധ്യാപകർ |
| പൊളിറ്റിക്കൽ സയൻസ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 15 മുതൽ 30 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 4 മുതൽ 10 വരെയുള്ള അധ്യാപകർ |
| ബോട്ടണി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 21 മുതൽ 35 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 7 മുതൽ 15 വരെയുള്ള അധ്യാപകർ |
| സോഷ്യോളജി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 4 മുതൽ 6 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 2 മുതൽ 4 വരെയുള്ള അധ്യാപകർ |
| സ്റ്റാറ്റിസ്റ്റിക്സ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 2 മുതൽ 5 വരെയുള്ള അധ്യാപകർ | -- |
| സംസ്കൃതം | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 5 മുതൽ 10 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 2 മുതൽ 5 വരെയുള്ള അധ്യാപകർ |
| തമിഴ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 2 മുതൽ 5 വരെയുള്ള അധ്യാപകർ | -- |
| ജോഗ്രഫി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 2 | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 2,3 |
| മലയാളം | സീനിയോരിറ്റി ലിസ്റ്റിൽ | സീനിയോരിറ്റി ലിസ്റ്റിൽ |

| | | |
|---|---|---|
| | ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 12 മുതൽ 25 വരെയുള്ള അധ്യാപകർ | ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 4 മുതൽ 12 വരെയുള്ള അധ്യാപകർ |
| കൊമേഴ്സ് | -- | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 10 മുതൽ 20 വരെയുള്ള അധ്യാപകർ |
| അറബിക് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 11 മുതൽ 25 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 4 മുതൽ 10 വരെയുള്ള അധ്യാപകർ |
| ഫിസിക്സ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 3 മുതൽ 8 വരെയുള്ള അധ്യാപകർ | - |
| കെമിസ്ട്രി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 30 മുതൽ 45 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 9 മുതൽ 15 വരെയുള്ള അധ്യാപകർ |
| ഇംഗ്ലീഷ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 6 മുതൽ 12 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 2 മുതൽ 5 വരെയുള്ള അധ്യാപകർ |

**മേൽ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിലവിൽ കെ-ടെറ്റ് സർട്ടിഫിക്കറ്റ് സമർപ്പിചിട്ടുള്ളവർ ബോണ്ട്/സമ്മതപത്രം സമർപ്പിക്കേണ്ടതില്ല.**

Digitally signed by
Ranjan Raj. R. P
Date: 12-05-2026
15:01:51

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

# അനുബന്ധം

## ബോണ്ട് / സമ്മതപത്രം

ഞാൻ,ശ്രീ/ശ്രീമതി.______________________________,വയസ്_______, വിലാസം________________________________________,നിലവിൽ__________________ (സ്കൂളിന്റെ പേര്), ___________________________ (സ്ഥലം) എന്ന സ്കൂളിൽ _________ മുതൽ എച്ച്.എസ്.ടി / യു.പി.എസ്.ടി/എൽ.പി.എസ്.ടി ആയി സേവനമനുഷ്ഠിച്ചുവരുന്നു. എച്ച്.എസ്.എസ്.റ്റി /എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് എനിക്ക് തസ്തികമാറ്റ നിയമനം ലഭിക്കുന്നതുമായി ബന്ധപെട്ട് ചുവടെ പറയുന്ന വ്യവസ്ഥകൾ ഞാൻ അംഗീകരിക്കുന്നു.

1. ഞാൻ എച്ച്.എസ്.എസ്.റ്റി /എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെക്കുള്ള തസ്തികമാറ്റ നിയമനത്തിനു യോഗ്യത നേടിയിട്ടുണ്ട്. പ്രസ്തുത നിയമനത്തിനായി K-TET വിജയിക്കുക എന്നത് 01/09/2025 തീയതിയിലെ Civil Appeal No. 1385/2025 മ്മേലുള്ള ബഹു. സുപ്രീം കോടതി ഉത്തരവ് , 15/03/2026 തീയതിയിലെ സ.ഉ(കൈ)നം.80/2026/G E D N എന്നീ ഉത്തരവുകൾ പ്രകാരം എന്റെ നിയമനത്തിന്റെ നിർബന്ധമായ യോഗ്യതയാണെന്ന് ഞാൻ പൂർണ്ണമായി മനസ്സിലാക്കുന്നു.
2. 01/09/2025 തീയതി മുതൽ രണ്ട് (2) വർഷത്തിനുള്ളിൽ, അതായത് 31/08/2027-നകം, കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (K-TET) വിജയകരമായി പാസാകുമെന്ന് നിലവിലെ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡപ്രകാരം ഞാൻ ഉറപ്പുനൽകുന്നു.
3. മേൽ പറഞ്ഞ കാലയളവിനുള്ളിൽ K-TET പാസാകുന്നതിൽ ഞാൻ പരാജയപ്പെടുകയാണെങ്കിൽ, എന്നെ പ്രസ്തുത തസ്തികയിൽ നിന്നും REVERT ചെയ്യുന്നതിനും, ടി തസ്തികയിൽ പ്രസ്തുത കാലയളവിൽ വാങ്ങിയ എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും സർക്കാർ നിർദേശിക്കുന്ന രീതിയിൽ തിരിച്ചടയ്ക്കാൻ ഞാൻ ബാധ്യസ്ഥ/ ബാധ്യസ്ഥനായിരിക്കും.
4. ആനുകൂല്യങ്ങൾ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം 1967 ലെ കേരള റവന്യൂ റിക്കവറി ആക്റ്റ് പ്രകാരം ടി തുക ഈടാക്കാൻ സർക്കാരിനു അധികാരമുണ്ടായിരിക്കും.
5. സർക്കാർ/വിദ്യാഭ്യാസ വകുപ്പ് പ്രസ്തുത വിഷയത്തിൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും വ്യവസ്ഥകളും ഞാൻ അനുസരിക്കുന്നതാണ് .
6. ഈ ബോണ്ട് ഞാൻ യാതൊരു നിർബന്ധവും സമ്മർദ്ദവും കൂടാതെയും, പൂർണ്ണ ബോധ്യത്തോടെയും സ്വമേധയാ നിർവഹിച്ചിരിക്കുന്നു.
7. മറ്റ് നിബന്ധനകൾക്ക് പുറമേ നിശ്ചിത കാലാവധിക്കുള്ളിൽ K-TET പാസാകുന്ന പക്ഷം മാത്രമേ പ്രൊബേഷൻ പൂർത്തിയാക്കൽ /വാർഷിക ഇൻക്രിമെന്റ് എന്നിവയ്ക്ക് എനിക്ക് യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ.

ഇതിന്റെ സാക്ഷ്യമായി, ഞാൻ ഇന്നത്തെ ദിവസം ____________ (തീയതി) ____________ 2026- ന് ഒപ്പുവെക്കുന്നു.

ഉദ്യോഗാർത്ഥിയുടെ ഒപ്പ്: ___________________________

പേര്: _______________________________________________

**സാക്ഷികൾ:**

1. ഒപ്പ്: ___________________________
   പേര് & വിലാസം: ___________________________________
2. ഒപ്പ്: ___________________________
   പേര് & വിലാസം: ___________________________________

**അറ്റസ്റ്റേഷൻ (Notary / Gazetted Officer):**

ഒപ്പ്: ___________________________

പേര് & പദവി: ____________________

മുദ്ര: ______________________________